അധ്യായം

08



# പൊതുഭരണം



NITHIN BP
nithinpuliyakode@gmail.com
GHSS MUTHUVALLUR
MALAPPURAM




പ്രേഷകൻ

സുരേഷ്കുമാർ

അനശ്വര, വഴുതക്കാട്, തിരുവനന്തപുരം

സ്വീകർത്താവ്

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കരമന, തിരുവനന്തപുരം

സർ,

വിവരാവകാശനിയമം 2005 പ്രകാരം താങ്കളുടെ വിദ്യാലയത്തിലെ സ്കൂൾ ലൈബ്രറിയുമായി ബന്ധപ്പെട്ട് ചുവടെ നൽകിയ ചോദ്യങ്ങൾക്കുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു.

1. വിദ്യാലയത്തിൽ ലൈബ്രറി പ്രവർത്തിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ, പ്രവർത്തന സമയം എപ്പോൾ മുതൽ എപ്പോൾ വരെ?
2. ലൈബ്രറിക്ക് പ്രത്യേക ചുമതലക്കാരനുണ്ടോ?
3. സ്കൂൾ ലൈബ്രറിയിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം എത്ര പുസ്തകങ്ങളുണ്ട്?
4. സ്കൂൾ ലൈബ്രറിയിൽ വരുത്തുന്ന പ്രസിദ്ധീകരണങ്ങളേതെല്ലാം?

തിരുവനന്തപുരം എന്ന് (ഒപ്പ്)

25/08/15 സുരേഷ്കുമാർ

പൊതുഭരണമെന്നാൽ ഗവൺമെന്റ് ഭരണത്തെ സംബന്ധിക്കുന്നതാണ്.

എൻ. ഗ്ലാഡൻ



## അഡ്മിനിസ്ട്രേഷൻ (Administrator)

Ad എന്നും ministaire എന്നുമുള്ള ലാറ്റിൻ പദങ്ങളിൽ നിന്നാണ് Administration എന്ന പദത്തിന്റെ ഉൽഭവം. സേവനം എന്നാണ് ഇതിനർഥം.

# പൊതുഭരണം എന്ത്? എന്തിന്?

രാജ്യത്ത് നിലവിലുള്ള നിയമങ്ങളും ഗവൺമെന്റിന്റെ നയപരിപാടികളും വികസന പദ്ധതികളും നടപ്പാക്കുന്നതിനു ഭൗതിക സാഹചര്യങ്ങളും മനുഷ്യവിഭവവും ഫലപ്രദമായി വിനിയോഗിക്കുന്നു.

- ജനക്ഷേമപ്രവറ്ത്തനങ്ങൾ ലക്ഷ്യംവെക്കുന്നു
- സർക്കാർ സ്ഥാപനങ്ങളും ജീവനക്കാരും പൊതുഭരണത്തിന്റെ ഭാഗമാണ്

രാജഭരണം, ജനാധിപത്യം തുടങ്ങിയ ഭരണരീതികളിൽ പൊതുഭരണ സംവിധാനത്തിന്റെ ലക്ഷ്യങ്ങളും അവയിൽ വന്ന മാറ്റങ്ങളും ചർച്ചചെയ്ത് പട്ടികപ്പെടുത്തൂ.

**രാജഭരണത്തിൽ രാജാവിന്റെ താല്പര്യത്തിനും ജനാധിപത്യത്തിൽ ജനങ്ങളുടെ താല്പര്യത്തിനും വേണ്ടി പൊതുഭരണം പ്രവർത്തിക്കുന്നു**

# പൊതുഭരണം : പ്രാധാന്യം

- ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു
- സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു
- ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു
- ജനക്ഷേമം ഉറപ്പാക്കുന്നു
- വികസന പദ്ധതികൾ നടപ്പിൽവരുത്തുന്നു
- സമൂഹത്തിലെ പ്രത്യേക പരിഗണനയും പരിരക്ഷയും കിട്ടേ□ ൺടവരെ സംരക്ഷിക്കുന്നു

നിങ്ങൾ എന്തെങ്കിലും നടപ്പാക്കുന്നതിനുമുമ്പ്,
നിങ്ങൾ കണ്ട പാവപ്പെട്ടവനും നിസ്സഹായനുമായ ഒരുവന്റെ മുഖം
ഓർക്കുക. ഞാനിപ്പോൾ ചെയ്യാൻ പോകുന്നത്
ആ പാവപ്പെട്ടവന് എങ്ങനെ
സഹായകമാകുമെന്ന് സ്വയം ചോദിക്കുക.

മഹാത്മാഗാന്ധി



# ഗ്രാമസ്വരാജ്

**ഗാന്ധിജിയുടെ ആശയം**

**ഗ്രാമങ്ങളിലെ വികസനം**

**പ്രാദേശിക തലത്തിൽ ഭരണസ്ഥാപങ്ങൾ**

**ത്രിതല പഞ്ചായത്ത് രീതി**

# ഉദ്യോഗസ്ഥവൃന്ദം

- രാജ്യത്തിന്റെ ഭരണകാര്യങ്ങൾ നിർവഹിക്കുകയും പൊതുഭരണത്തിനു കീഴിൽ പ്രവർത്തിക്കുകയും ചെയ്യുന്ന ഒരുക്കൂട്ടം ഉദ്യോഗസ്ഥർ.
- ഗവൺമെന്റ് ജീവനക്കാർ.
- പ്രാദേശിക തലം മുതൽ കേന്ദ്രതലം വരെ.
- ഭരണകർത്താക്കളെ സഹായിക്കുന്നു, ഉപദേശിക്കുന്നു.
- ഗവാൺമെന്റിന്റെ പദ്ധതികൾ ജനങ്ങളിൽ എത്തിക്കുന്നു.
- ഗവൺമെന്റിൽ നിന്നും ശമ്പളം കൈപറ്റുന്നു.
- ജനങ്ങളെ സേവിക്കുന്നു.
- ജനക്ഷേമം ലക്ഷ്യംവെക്കുന്നു

# ഉദ്യോഗസ്ഥവൃന്ദം : സവിശേഷതകൾ

- ***ശ്രേണീപരമായ സംഘാടനം***
- താഴേതട്ടിൽ നിരവധി ഉദ്യോഗസ്ഥരും മുകളിലേക്കുപോകുംതോറും ഒരു ഉദ്യോഗസ്ഥനുമെന്ന രീതി. ഉദാ : കേരളാ പോലീസ്

- ***സ്ഥിരത***
- ഗവൺമെന്റ് ജോലിയിൽ പ്രവേശിക്കുന്നവർക്ക് നിശ്ചിത പ്രായപരിധി വരെ സേവനകാലാവധി ഉൺടായിരിക്കും. ഉദാ : റിട്ടയർമെന്റ് കാലാവധി

- ***യോഗ്യത അടിസ്ഥാനമാക്കിയുള്ള നിയമനം***
- ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നത് അവരുടെ വിദ്യഭ്യാസ യോഗ്യത അടിസ്ഥാനമാക്കിയാണ്. ഉദാ : ബി. എഡ്. അധ്യാപകർക്ക്.

- ***രാഷ്ട്രീയ നിഷ്പക്ഷത***
- ഉദ്യോഗസ്ഥർക്ക് ഒരു രാഷ്ട്രീയ കക്ഷിയോടും ചായ്വ് പാടില്ല. കക്ഷിരാഷ്ട്രീയ താല്പര്യങ്ങൾ അവരുടെ ജോലിയിൽ പ്രതിഫലിക്കരുത്.

- ***വൈദഗ്ധ്യം***
- തങ്ങളുടെ ജോലിയിൽ കഴിവ് തെളിയിച്ചവരായിരിക്കണം ഒരോ ഉദ്യോഗസ്ഥനും.

# ഇന്ത്യൻ സിവിൽ സർവീസ്

## അഖിലേന്ത്യാസർവീസ് (All India Civil Service)

- ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു.
- കേന്ദ്രസർവീസിലോ സംസ്ഥാന സർവീസിലോ നിയമിക്കപ്പെടുന്നു.

ഉദാ:

- ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് (IAS)
- ഇന്ത്യൻ പോലീസ് സർവീസ് (IPS)

## കേന്ദ്രസർവീസ് (Central Service)

- ദേശീയതലത്തിൽ തിരഞ്ഞെടുക്കുന്നു.
- കേന്ദ്രഗവൺമെന്റിന് മാത്രം അധികാരമുള്ള ഭരണവകുപ്പുകളിൽ നിയമിക്കപ്പെടുന്നു.

ഉദാ:

- ഇന്ത്യൻ ഫോറിൻ സർവീസ്
- ഇന്ത്യൻ റെയിൽവേ സർവീസ്

## സംസ്ഥാനസർവീസ് (State Service)

- സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കുന്നു.
- സംസ്ഥാന ഗവൺമെന്റിനു കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു.

ഉദാ:

- സെയിൽസ് ടാക്സ് ഓഫീസർ.

# ഉദ്യോഗസ്ഥവൃന്ദം ഇന്ത്യയിൽ

- ഇന്ത്യയിലെ ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നത് എഴുത്തു പരീക്ഷ, അഭിമുഖം എന്നിവയിലൂടെയാണ്.
- കേന്ദ്രതലത്തിലും സംസ്ഥാന തലത്തിലും അഖിലേന്ത്യ തലത്തിലും ഉദ്യോഗസ്ഥരുണ്ട്ട്.
- പി. എസ്. സി :
- സംസ്ഥാനതലത്തിൽ ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നു.
- പി.എസ്.സി ചെയർമാനെ നിയമിക്കുന്നത് ഗവർണറാണ്.
- നിലവിൽ വന്നത് : 1 നവ. 1956
- ആസ്ഥാനം : തിരുവനന്തപുരം
- യു. പി. എസ്. സി :
- കേന്ദ്രതലത്തിലും അഖിലേന്ത്യ തലത്തിലും ഉദ്യോഗസ്ഥരെ
- തെരഞ്ഞെടുക്കുന്നു.
- ഇവിടെ ചെയർമാനെ തെരഞ്ഞെടുക്കുന്നത് രാഷ്ട്രപതിയാണ്.
- നിലവിൽ വന്നത് : 1 ഒക്ടോ. 1926
- ആസ്ഥാനം : ഡൽഹി



കേരള പി.എസ്.സി.



യു.പി.എസ്.സി.

# ഭരണനവീകരണം

- പൊതുഭരണത്തിന്റെ ഭാഗമായി ജനക്ഷേമപ്രവർത്തനങ്ങൾ സുതാര്യമാക്കാനും കാലതാമസം കൂടാതെ സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കാനും ഗവൺമെന്റ് സ്വീകരിച്ച പുതിയ നടപടികളാണ് ഭരണനവീകരണം എന്നറിയപ്പെടുന്നത്.



നിങ്ങളുടെ അഭിപ്രായത്തിൽ ഭരണരംഗത്ത് വരുത്തേണ്ട മാറ്റങ്ങൾ എന്തൊക്കെ? ചർച്ച ചെയ്ത് എഴുതൂ.

ഇ ഗവേണൻസ്

വിവരാവകാശം

സേവനാവകാശം

വിജിലൻസ്

ലോക്പാൽ, ലോകായുക്ത

# ഇ ഗവേണൻസ്

- ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ ഭരണരംഗത്തെ ഉപയോഗമാണിത്.
- ഇന്റെർനെറ്റിലൂടെ ഗവൺമെന്റിന്റെ സേവനങ്ങൾ ജനങ്ങളിൽ വേഗത്തിലും എളുപ്പത്തിലും ലഭ്യമാകുന്നു.
- അക്ഷയ കേന്ദ്രങ്ങൾ വഴി സേവനങ്ങൾ ജനങ്ങളിലെത്തുന്നു.
- ഇ സാക്ഷരത നേടുന്നതിലൂടെ വ്യക്തികൾക്ക് നേരിട്ട് സേവനങ്ങൾ ലഭ്യമാകും.

# നേട്ടങ്ങൾ

- 1. സർക്കാർ ഓഫീസ്സിൽ കാത്തുനില്ക്കേണ്ടതില്ല.
- 2. കുറഞ്ഞ ചെലവിലും വേഗത്തിലും സേവനങ്ങൾ ലഭ്യമാകുന്നു.
- 3. ഓഫീസ്സുകളുടെ കാര്യക്ഷമത വദ്ധിക്കുന്നു..
- 4. സേവനത്തിന്റെ ഗുണമേൻമ വർധിക്കുന്നു

## വിവരാവകാശ അപേക്ഷക്കുള്ള മറുപടി

പ്രേഷകൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കരമന, തിരുവനന്തപുരം

സ്വീകർത്താവ്

ശ്രീ. സുരേഷ്കുമാർ
അനശ്വര, വഴുതക്കാട്, തിരുവനന്തപുരം

സർ,

വിഷയം : വിവരാവകാശനിയമം 2005 പ്രകാരം വിവരങ്ങൾ നൽകുന്നത് സംബന്ധിച്ച്

സൂചന : 25/08/15 ൽ ലഭിച്ച താങ്കളുടെ അപേക്ഷ

താങ്കൾ സമർപ്പിച്ച വിവരാവകാശ പ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

ഉത്തരങ്ങൾ ചോദ്യക്രമത്തിൽ നൽകിയിരിക്കുന്നു.

ഉത്തരം 1 : ഉണ്ട്, 10 AM മുതൽ 4 PM വരെ.

ഉത്തരം 2 : പ്രത്യേകം നിയമിക്കപ്പെട്ട ലൈബ്രേറിയനില്ല. സ്കൂളിലെ ഒരു അധ്യാപികയ്ക്ക് ചുമതല നൽകിയിരിക്കുന്നു.

ഉത്തരം 3 : സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 6216 പുസ്തകങ്ങളുണ്ട്.

ഉത്തരം 4 : ദിനപത്രങ്ങൾ, ആഴ്ചപ്പതിപ്പുകൾ, മാസികകൾ

താങ്കൾക്ക് ഇൻഫർമേഷൻ ഓഫീസർ നൽകിയ മറുപടിയിൽ എന്തെങ്കിലും ആക്ഷേപമുണ്ടെങ്കിൽ 30 ദിവസത്തിനകം അപ്പീൽ അധികാരിക്ക് അപ്പീൽ ഹർജി സമർപ്പിക്കാവുന്നതാണ്.

അപ്പീൽ അധികാരിയുടെ വിലാസം

പേര് :

അപ്പീൽഅധികാരി, ഡി.ഇ.ഒ, തിരുവനന്തപുരം

വിശ്വസ്തതയോടെ,

തിരുവനന്തപുരം (ഒപ്പ്)

തീയതി : 08/09/2015 പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

# അറിയാനുള്ള അവകാശം

- 2005 ലെ വിവരാവകാശ നിയമ പ്രകാരം ലഭ്യമായത്.
- അഴിമതി നിയന്ത്രിക്കുന്നതിനും ഉത്തരവാദിത്യം കൂട്ടുന്നതിനും സഹായകം.
- ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുന്നു

രാജസ്ഥാനിലെ മസ്ദൂർ കിസാൻ ശക്തി സംഘാതൻ എന്ന സംഘടന നടത്തിയ പ്രവർത്തനങ്ങളാണ് വിവരാവകാശ നിയമനിർമാണത്തിലേക്ക് നയിച്ചത്. വിവിധ സംഘടനകളുടെയും സാമൂഹികപ്രവർത്തകരുടെയും ഇടപെടലുകളും 2005 ൽ വിവരാവകാശനിയമത്തിന് വഴിയൊരുക്കി. ഇത് രാജ്യത്തെ പൗരന്മാർക്കെല്ലാം വിവരങ്ങൾ അറിയാനുള്ള അവകാശം ഉറപ്പുവരുത്തുന്നു.

# വിവരാവകാശ കമ്മീഷൻ

വിവരാവകാശ നിയമപ്രകാരമുള്ള അധികാരങ്ങൾ പ്രയോഗിക്കാനും ചുമതലകൾ നിർവഹിക്കാനും സംസ്ഥാനതലത്തിലും കേന്ദ്രതലത്തിലും വിവരാവകാശ കമ്മീഷന് രൂപം നൽകിയിട്ടുണ്ട്. മുഖ്യ വിവരാവകാശ കമ്മീഷണറും പത്തിൽ കവിയാത്ത അംഗങ്ങളും വിവരാവകാശ കമ്മീഷനിലുണ്ടാകും.

നാം ആവശ്യപ്പെട്ട വിവരങ്ങൾക്ക് കൃത്യസമയത്തിനകം മറുപടി തരാതിരിക്കുകയോ നിരസിക്കുകയോ അപൂർണമോ തെറ്റായതോ തൃപ്തികരമല്ലാത്തതോ ആയ മറുപടി തരുകയോ ആണെങ്കിൽ വിവരാവകാശ കമ്മീഷന് അപ്പീൽ നൽകാവുന്നതാണ്. ഇത് കമ്മീഷന് ബോധ്യപ്പെട്ടാൽ വിവരങ്ങൾ നൽകുന്നതുവരെ ഓരോ ദിവസവും ബന്ധപ്പെട്ട ഉദ്യോഗസ്ഥന് മേൽ 250 രൂപ വീതം പിഴശിക്ഷ ചുമത്താൻ കമ്മീഷന് അധികാരമുണ്ട്.

# സേവനാവകാശം

- സർക്കാർ സേവനങ്ങൾ കൃത്യമായും ഉറപ്പായും ജനങ്ങൾക്ക് ലഭ്യമാക്കാൻ അവസരമൊരുക്കുന്ന നിയമം.
- സർക്കാർ സേവനങ്ങൾ എത്ര കാലപരിധിക്കുള്ളിൽ നൽകണമെന്നു ഈ നിയമം അനുശാസിക്കുന്നു.

# ലോക്പാൽ ലോകായുക്ത

- ഭരണതലത്തിലും ഉദ്യോഗസ്ഥ തലത്തിലും രാഷ്ട്രീയതലത്തിലും അഴിമതി തടയുന്നതിനു രൂപം നൽകിയ സ്ഥാപനങ്ങൾ.
- ***ലോക്പാൽ*** ദേശീയതലത്തിൽ
- ***ലോകായുക്ത*** സംസ്ഥാനതലത്തിൽ



അറിയിപ്പ്
ഈ ഓഫീസിന്റെ സേവനങ്ങൾക്ക് ഉദ്യോഗസ്ഥർ പണമോ, പാരിതോഷികമോ ആവശ്യപ്പെടുന്നെങ്കിൽ താഴെ പറയുന്ന മേൽവിലാസത്തിൽ ബന്ധപ്പെടുക.
സൂപ്രണ്ട് ഓഫ് പോലീസ്
വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ,
സമതൺ റോഡ്, പൊട്ടക്കുഴി, പട്ടം പി.ഒ
തിരുവനന്തപുരം- 695 004
ഫോൺ: 0471-2550118
E-mail: spsrt.vacb@kerala.gov.in
ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ്
വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
TC 22/3742, 'F' Street, ഇലങ്കം ഗാർഡൻസ്,
വെള്ളയമ്പലം, ശാസ്തമംഗലം പി.ഒ,
തിരുവനന്തപുരം - 695 010, ഫോൺ: 0471-2304119
E-mail: dysptvm.vacb@kerala.gov.in
അഴിമതി സംബന്ധിച്ച വിവരങ്ങൾ അറിയിക്കുവാൻ താഴെ പറയുന്ന സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുക
85 92 900 900
0471 230 50 33
94 47 789 100
/vigilancekerala
/vigilancekerala
YouTube /vigilancekerala
WEB http://vigilance.kerala.gov.in
vig.vacb@kerala.gov.in
/vigilancekerala

# സെൻട്രൽ വിജിലൻസ് കമീഷൻ 1964

- കമീഷന്റെ തലപ്പത്ത് ഒരു വിജിലൻസ് കമ്മീഷനും എല്ലാ വകുപ്പുകളിലും മുഖ്യ വിജിലൻസ് ഓഫീസറും നിലവിലുണ്ട്. സംസ്ഥാനതലത്തിൽ വിജിലൻസ് കമ്മീഷൻ നിലവിലുണ്ട്

# ഓംബുട്സ്മാൻ

- ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അഴിമതി കാട്ടുകയോ ചുമതലകളിൽ വീഴ്ച വരുത്തുകയോ ചെയ്താൽ പരാതി ബോധിപ്പിക്കാനുള്ള സ്ഥാപനം.
- സർവ്വീസിൽ നിന്നും വിരമിച്ച ഹൈകോടതി ജഡ്ജിയാണ് *ഓംബുട്സ്മാനായി* പ്രവർത്തിക്കുന്നത്


പൊതുഭരണം
പൊതുഭരണം പ്രാധാന്യം
ഉദ്യോഗസ്ഥ വൃന്ദം
ഭരണ നവീകരണം
ഇന്ത്യയിലെ ഉദ്യോഗസ്ഥവൃന്ദം
ഇ - ഗവേണൻസ്
സേവനാവകാശം
ലോക്പാൽ
അറിയാനുള്ള അവകാശം
കേന്ദ്രവിജിലൻസ് കമ്മീഷൻ
അഖിലേന്ത്യാ സർവീസ്
കേന്ദ്രസർവീസ്
സംസ്ഥാന സർവീസ്
വിവരാവകാശ കമ്മീഷൻ
ലോകായുക്ത

- ഭരണരീതിക്കനുസരിച്ച് പൊതുഭരണത്തിലും വ്യത്യാസം കാണാം. രാജഭരണത്തിലും ജനാധിപത്യത്തിലും പൊതുഭരണത്തിനുള്ള വ്യത്യാസമെന്ത് ?
- പൊതുഭരണത്തിന്റെ പ്രാധാന്യമെന്ത് ?
- പൊതുഭരണത്തെ കുറിച്ചുള്ള ഗാന്ധിജിയുടെ കാഴ്ചപ്പാടെന്ത?
- ഉദ്യോഗസ്ഥവൃന്ദം എന്നാലെന്ത് അതിന്റെ സവിശേഷതകളെന്തെല്ലാം ?
- ഭരണനവീകരണം എന്നാലെന്ത്. ഭരണനവീകരണത്തിനായി ഇന്ത്യയിൽ നടപ്പാക്കിയിട്ടുള്ള വിവിധ നടപ്പടികൾ എന്തെല്ലാം?
- ഇ ഗവേണൻസ്ക്കൊൻട് പൊതുജനങ്ങൾക്കുള്ള നേട്ടങ്ങൾ എന്തെല്ലാം ?
- ലോക്പാലും ലോകായുക്തയും അഴിമതി തടയുന്നതിൽ വഹിക്കുന്ന പങ്ക് വിശദമാക്ക ?